

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) : 17-08-2021

1. സംസ്ഥാന **കർഷകദിനത്തിന്റെ ഉദ്ഘാടനം** ചിങ്ങം 1 (ആഗസ്റ്റ് 17) ഇന്ന് രാവിലെ 9.30 മണിക്ക് ആലപ്പുഴ ജില്ലാ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പി.പി. സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ കർഷക-കർഷകതൊഴിലാളികളെ ആദരിക്കും.

2. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) യുടെ ഭാഗമായി മണ്ണുത്തി വെറ്ററിനറി യൂണിവേഴ്സിറ്റി മൃഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന **ചെറുകിട നാമമാത്ര ഫാമുകളിലെ ആരോഗ്യ പ്രത്യുൽപ്പാദന പരിരക്ഷ പശുക്കളിൽ** എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിദഗ്ദ്ധ വെറ്ററിനറി ഡോക്ടർമാർ ഫാമുകളിൽ എത്തി പശുക്കളുടെ പരിശോധന നടത്തിയ ശേഷം വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **ഡോ. അജിത് കുമാർ. എസ് 9400322511, ഡോ. ഉഷ നാരായണ പിളള- 9847803271**

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അനുബന്ധ സ്ഥാപനങ്ങൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ ഓണസമൃദ്ധി പഴം-പച്ചക്കറി വിപണികൾ ഇന്നു മുതൽ ഈ മാസം 20 വരെ ഉണ്ടായിരിക്കും.

4. തിരുവനന്തപുരം ആനയറ വേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വിൽപ്പന കേന്ദ്രത്തിൽ നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കർഷക ദിനാചരണത്തോടനുബന്ധിച്ച് പീലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന ജൈവ കീടരോഗ നിയന്ത്രണ ഉപാധികളുടെ ഉത്പാദന കേന്ദ്രത്തിന്റെ ഉദ്ഘാടനം ഇന്ന് (17/08/2021) രാവിലെ 11.30-ന് നിർവഹിക്കും.

6. അന്യസംസ്ഥാനത്ത് നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ വേണ്ടി പാറശ്ശാല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥിരം പാൽ പരിശോധന സംവിധാനത്തിന്റെ സേവനം 24 മണിക്കൂറാക്കി ക്രമീകരിച്ചതായി ക്ഷീര വികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർ അറിയിച്ചു.

7. **ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധമായ പാൽ ഉറപ്പാക്കുക** എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധനാ സംവിധാനവും ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാ മിൽക്ക് ക്വാളിറ്റി കൺട്രോൾ ലാബിൽ പ്രവർത്തനം ആരംഭിച്ചു. ഈ മാസം 20 വരെ പാൽ പരിശോധന സംവിധാനം ഉണ്ടായിരിക്കും. ഇതോടൊപ്പം കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്നതും പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്നതുമായ പാൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം ലാബിൽ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര വികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസുമായോ **0471-2440217** എന്ന നമ്പരിലോ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന പരിശീലനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (2021 ആഗസ്റ്റ് 17 ചൊവ്വാഴ്ച) രാവിലെ പത്തു മുതൽ ഉച്ചക്ക് ഒരുമണി വരെ എൻ.ഐ.ആർ.റ്റി.-യിലെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622.**

9. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

10. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 17-ന്) വൈകിട്ട് ഏഴ് മണിയ്ക്ക് **ബയോസെക്യൂരിറ്റി ഇൻ അക്വാകൾച്ചർ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

11. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 17-ന്) **തേനീച്ച വളർത്തൽ, അക്വേറിയം നിർമ്മാണവും പരിചരണവും** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **തേനീച്ച വളർത്തൽ** എന്ന വിഷയത്തിലെ പരിശീലനത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് 9567804551 എന്ന ഫോൺ നമ്പരിലും **അക്വേറിയം നിർമ്മാണവും പരിചരണവും** എന്ന വിഷയത്തിലെ പരിശീലനത്തെക്കുറിച്ചറിയാൻ 9496134220 എന്ന നമ്പരിലും ബന്ധപ്പെടുക.

12. തിരുവനന്തപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 17-ന്) **പച്ചക്കറി കൃഷിയിലെ രോഗകീടനിയന്ത്രണം** എന്ന വിഷയത്തിൽ രാവിലെ 11 മണിയ്ക്ക് ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400288040** എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

13. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (17/08/2021 ന്) രാവിലെ 10.30 മണി മുതൽ വയനാട് ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക്/പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് **ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** (http://meet.google.com/hst-uyqt-emb) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകാരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** (http://meet.google.com/wdb-rfct-yjv) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

14. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (17 ന് ) '**പശു വളർത്തൽ** ' എന്ന വിഷയത്തിൽ രാവിലെ 10.30 മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 9188522713 എന്ന വാട്സ് ആപ്പ് നമ്പരിലേക്ക് മെസേജ് നൽകയോ https://us02web.zoom.us/meeting/register/tZMkde2pqj8uGN0JkAxylwc4NsSK4qvA6qWL എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. 879 2414 4429 എന്ന മീറ്റിങ്ങ് ഐ ഡി യും 221742 എന്ന പാസ്‌വേർഡും ഉപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

15. ഓച്ചിറ ക്ഷീരോത്പ്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **വിവിധ തീറ്റപ്പുൽ ഇനങ്ങളും അവയുടെ കൃഷിരീതികളും** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 17 ന്) പതിനൊന്ന് മണി മുതൽ ഓണലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. 9947775978 എന്ന വാട്സ് ആപ്പ് നമ്പരിൽ പേരും മേൽവിലാസവും അയച്ചുനൽകിയോ smm-wvyw-feq എന്ന ഗൂഗിൾമീറ്റിന്റെ ലിങ്കുപയോഗിച്ചോ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. പരിശീലന പരിപാടിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **0476-2698550** എന്ന ഫോൺ നമ്പരിലോ dtcoachira@gmail.com എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.